തീയതിയും ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡ് മുഖേന ചെയ്ത പ്രസ്താവനയെക്കുറിച്ചു ഗവൺമെൻറിൻെറ പ്രതികരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ):

ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ 15–1–1970–ലെ 63–ാം നമ്പർ (Starred) ചോദ്യത്തിൻെറ ഉത്തരത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട മന്ത്രി എൻ.കെ. ശേഷൻെറ രാജി

* 138. (499) ശ്രീ. എ. കെ. അപ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മന്ത്രി എൻ. കെ. ശേഷൻ രാജി വയ്ക്കണമെന്ന് ഐ. എസ്. പി. കക്ഷി നേതാവു മുഖ്യമന്ത്രിയോടു ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള ആവശ്യം ഉന്നയിക്കാൻ വല്ല കാരണവും കാണിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ):

(എ) ഇല്ല.

(ബി) ഉദിയ്ക്കുന്നില്ല.

CALLING ATTENTOIN UNDER RULE 61

മി. സ്പീക്കർ: റൂൾ 61 അനുസരിച്ചും അഡ്ജോൺമെൻറ് മോഷനായിട്ടും വളരെയധികം നോട്ടീസ് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതൊന്നും എടുക്കുന്നില്ല. പക്ഷേ അതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിലേക്ക് വിടുന്നതാണ്.

9 a. m.]

കേരളത്തിലെ പതിനായിരത്തോളം വരുന്ന സർക്കാർ ആശുപത്രി ജീവനക്കാരായ അറൻറർ, നേഴ്സിംഗ് അസിസ്റ്റൻറ്, ഹോസ്പ്പിറൽ അറൻറർ തുടങ്ങിയവർ ഗവൺമെൻറ് ഹോസ്പിറൽ വർക്കേഴ്സ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിരാഹാര സത്യഗ്രഹത്തിലേക്കും അവരുടെ പ്രശ്നങ്ങളിലേക്കും ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കുന്നതിന് ശ്രീ. വി. വി. ദക്ഷിണാമൂർത്തി റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

പാലക്കാടു വിക്ടോറിയാ കാളേജിനടുത്തുള്ള ചുണ്ണാമ്പുകരതെരുവിനടുത്തുവച്ച് ഇന്നലെ രാത്രി ഏഴുമണിക്ക് വിക്ടോറിയാ കാളേജിലെ ഒരു ലോവർഗ്രേഡ് ജീവനക്കാരനും ലോവർഗ്രേഡ് യൂണിയൻെറ നേതാവുമായ ശ്രീ. ഭാസ്കരനെ ഒരു സംഘം ആക്രമികൾ ആക്രമിക്കുകയും കഠാരികൊണ്ടു കുത്തിക്കൊല്ലുകയുംചെയ്ത സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. പി. പി. കൃഷ്ണൻ, ആർ. കൃഷ്ണൻ (പാലക്കാട്) എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പഴയങ്ങാടി–വളപട്ടണം പുഴയിൽനിന്ന് കുറേനാളായി മൽസ്യംപിടിച്ചു ഉപജീവനം നടത്തിവരുന്ന 60–ൽ പരം മൽസ്യത്തൊഴിലാളികുടുംബങ്ങളുടെ ജോലി തടയപ്പെട്ടതു കാരണം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ, ശ്രീ. കെ. പി. രാഘവപ്പൊതുവാൾ എന്നിവർ ഒരു നോട്ടീസു നൽകിയിട്ടുണ്ട്. ഇതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly